


ഐടി അറ്റ് സ്കൂള്‍ പദ്ധതിയില്‍ സ്കൂളുകള്‍ക്കുള്ള കംപ്യൂട്ടര്‍ കലക്ടര്‍ ആനന്ദ്സിങ് നല്‍കുന്നു

# 93ശതമാനം സ്കൂളിലും ബ്രോഡ്ബാന്റ്

കാസര്‍കോട്: ഐടി അറ്റ് സ്കൂള്‍ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 93 ശതമാനം സ്കൂളുകളിലും ബ്രോഡ്ബാന്റ് കണക്ഷന്‍ നല്‍കി. 98 ശതമാനം സ്കൂളുകളും ഇ-മെയില്‍ സംവിധാനം സ്ഥിരമായി ഉപയോഗിക്കുന്നുണ്ട്.

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മള്‍ട്ടിമീഡിയ ക്ലാസ്റൂമുകള്‍ 26 ശതമാനം വിദ്യാലയങ്ങളിലും നിലവില്‍ വന്നു. 33 ശതമാനം സ്കൂള്‍ ലൈബ്രറികളിലും സിഡി സംവിധാനവും നിലവില്‍വന്നു. മിക്ക സ്കൂളുകളിലും പ്രൊജക്ടറും ടിവിയും സ്ഥാപിച്ചു. ജില്ലയില്‍ ഏതാണ്ട് 60 ശതമാനം ലാപ്ടോപ്പും കമ്പ്യൂട്ടറും ഉണ്ടെങ്കിലും മിക്ക സ്കൂളുകളിലും പഠനപ്രവര്‍ത്തനങ്ങള്‍ക്കായി ഉപയോഗിക്കുന്നില്ല. അഞ്ച് വര്‍ഷം നീളുന്ന ഇന്‍ഫര്‍മേഷന്‍ കമ്യൂണിക്കേഷന്‍ ടെക്നോളജി പദ്ധതിയില്‍പ്പെടുത്തി ജില്ലയിലെ മുഴുവന്‍ സര്‍ക്കാര്‍ വിദ്യാലയങ്ങള്‍ക്കും 65 ലക്ഷത്തിന്റെ ഉപകരണങ്ങള്‍ വിതരണം ചെയ്തു. എയ്ഡഡ് മേഖലയില്‍ 48 ലക്ഷത്തിന്റെ ഉപകരണവും നല്‍കും.

ഹൈസ്കൂള്‍ മേഖലയിലെ 80 ശതമാനം അധ്യാപകര്‍ക്ക് സ്വതന്ത്ര സോഫ്റ്റ്വെയറില്‍ പരിശീലനം നല്‍കും. യുപി തലത്തിലെ 80 ശതമാനം പേര്‍ക്കും പരിശീലനം നല്‍കിയിട്ടുണ്ട്. ഹയര്‍സെക്കന്‍ഡറി മേഖലയില്‍ പരിശീലനം തുടരുകയാണ്.

ഐടി അറ്റ് സ്കൂള്‍ പദ്ധതിക്ക് പുതുതായി പുലിക്കുന്നില്‍ സജ്ജീകരിച്ച ഓഫീസ് സമുച്ചയം കലക്ടര്‍ ആനന്ദ്സിങ് ഉദ്ഘാടനം ചെയ്തു. സ്കൂളുകള്‍ക്കുള്ള കംപ്യൂട്ടറും ചടങ്ങില്‍ നല്‍കി. ജില്ലാ പഞ്ചായത്ത് സ്റ്റാന്‍ഡിങ്കമ്മിറ്റി ചെയര്‍മാന്‍ വി നാരായണന്‍ റിസോഴ്സ് സെന്റര്‍ ഉദ്ഘാടനം ചെയ്തു. എഡ്യുസാറ്റ് പരിശീലനകേന്ദ്രം അബ്ദുള്‍ഖാദര്‍ ബങ്കരയും ജില്ലാ റിസോഴ്സ് സെന്റര്‍ ജോര്‍ജ് ജോസഫും ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയര്‍പേഴ്സണ്‍ ബീഫാത്തിമ ഇബ്രാഹിം, ഡോ. രാജന്‍, എന്‍ കെ മോഹന്‍ദാസ് എന്നിവര്‍ സംസാരിച്ചു. വി രാമചന്ദ്രന്‍ സ്വാഗതവും വി ജെ മത്തായി നന്ദിയും പറഞ്ഞു.

ജില്ലയില്‍ അഞ്ച് വര്‍ഷം കൊണ്ട് എല്ലാ ക്ലാസ്മുറികളും ഹൈടെക് ആകുമെന്ന് എഡ്യുസാറ്റ് വഴി തിരുവനന്തപുരം സ്റ്റുഡിയോയിലിരുന്ന് സംസാരിച്ച ഐടി സ്കൂള്‍ ഡയറക്ടര്‍ അന്‍വര്‍ സാദത്ത് അറിയിച്ചു.

Desabhimani Daily-06-08-09





ഐടി അറ്റ് സ്കൂള്‍ പ്രോജക്ട് ഓഫിസ് ഉദ്ഘാടനവും സ്കൂളുകള്‍ക്കുള്ള കംപ്യൂട്ടര്‍ വിതരണവും കാസര്‍കോട്ട് ജില്ലാ കലക്ടര്‍ ആനന്ദ് സിങ് നിര്‍വഹിക്കുന്നു. നഗരസഭാധ്യക്ഷ ബീഫാത്തിമ ഇബ്രാഹിം, ഡിഇഒ വി. രാമചന്ദ്രന്‍, വി. നാരായണന്‍, ഖാദര്‍ ബങ്കര എന്നിവര്‍ സമീപം

# ഐടി അറ്റ് സ്കൂള്‍ ഓഫിസ് തുറന്നു

കാസര്‍കോട്: പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴില്‍ പ്രവര്‍ത്തിക്കുന്ന ഐടി അറ്റ് സ്കൂള്‍ പ്രോജക്ടിന് പുലിക്കുന്നില്‍ നിര്‍മിച്ച ജില്ലാ ഓഫിസ് സമുച്ചയത്തിന്റെയും സ്കൂളുകള്‍ക്കുള്ള കംപ്യൂട്ടര്‍ വിതരണത്തിന്റെയും ഉദ്ഘാടനം ജില്ലാ കലക്ടര്‍ ആനന്ദ് സിങ് നിര്‍വഹിച്ചു. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്‍ഡിങ് കമ്മിറ്റി ചെയര്‍മാന്‍ വി.നാരായണന്‍ റിസോഴ്സ് സെന്റര്‍ ഓഫിസ് ഉദ്ഘാടനം ചെയ്തു.

എജ്യുസാറ്റ് പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം നഗരസഭ വിദ്യാഭ്യാസ സ്റ്റാന്‍ഡിങ് കമ്മിറ്റി ചെയര്‍മാന്‍ അബ്ദുല്‍ ഖാദര്‍ ബങ്കരയും ജില്ലാ റിസോഴ്സ് സെന്ററിന്റെ ഉദ്ഘാടനം ഡയറ്റ് പ്രിന്‍സിപ്പല്‍ ജോര്‍ജ് ജോസഫും നിര്‍വഹിച്ചു. നഗരസഭാധ്യക്ഷ ബീഫാത്തിമ ഇബ്രാഹിം അധ്യക്ഷത വഹിച്ചു. എസ്എസ്എ പ്രോഗ്രാം ഓഫിസര്‍ ഡോ. പി.രാജന്‍, ഡിഇഒ എന്‍.കെ.മോഹന്‍ദാസ്, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടര്‍ വി. രാമചന്ദ്രന്‍, ജില്ലാ കോ-ഓര്‍ഡിനേറ്റര്‍ വി.ജെ.മത്തായി എന്നിവര്‍ പ്രസംഗിച്ചു.

ഐസിടി പദ്ധതിയിലുള്‍പ്പെടുത്തി ഒരു കോടിയില്‍പ്പരം രൂപയുടെ ഉപകരണങ്ങളാണ് സര്‍ക്കാര്‍, എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങള്‍ക്കായി ഈ വര്‍ഷം നല്‍കുന്നത്.

അഞ്ചു വര്‍ഷംകൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതിയോടെ ജില്ലയിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് സൗകര്യങ്ങളുള്ളതായിത്തീരുമെന്ന് എജ്യുസാറ്റ് വഴി തിരുവനന്തപുരം സ്റ്റുഡിയോയിലിരുന്നു യോഗത്തെ അഭിസംബോധന ചെയ്ത് ഐടി അറ്റ് സ്കൂള്‍ എക്സിക്യൂട്ടീവ് ഡയറക്ടര്‍ കെ. അന്‍വര്‍ സാദത്ത് അറിയിച്ചു.

Malayala Manorama Daily 06-08-09


# ഇൻററർനെറ്റ് ഉപയോഗിച്ച് സ്കൂളുകളിൽ പ്രാദേശിക ഭൂപടം തയ്യാറാക്കണം -കളക്ടർ

കാസർകോട്: സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുള്ള ഇൻററർനെറ്റ് കണക്ഷൻ ഉപയോഗിച്ച് പ്രാദേശിക വിവര ഭൂപടം തയ്യാറാക്കാൻ ശ്രമിക്കണമെന്ന് ജില്ലാ കളക്ടർ ആനന്ദ്സിങ് പറഞ്ഞു. കാസർകോട് പുലിക്കുന്നിൽ ഐ.ടി. ജില്ലാ ഓഫീസ് സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാർഥികൾക്ക് ഏറെ വിവരങ്ങൾ നൽകുന്ന വിക്ടേഴ്സ് ചാനലിൽ പ്രാദേശികമായ വിവരങ്ങൾ നൽകാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

നഗരസഭാ ചെയർ പേഴ്സൺ ബിഫാത്തിമ ഇബ്രാഹിം അധ്യക്ഷയായി.

ഓഫീസ്സംവിധാനം ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി. നാരായണൻ ഉദ്ഘാടനംചെയ്തു. എഡ്യു സാറ്റ് പരിശീലനകേന്ദ്രം നഗരസഭാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഖാദർ ബങ്കരയും ജില്ലാ റിസോഴ്സ് സെൻറർ ഡയറ്റ് പ്രിൻസിപ്പൽ ജോർജ് ജോസഫും ഉദ്ഘാടനംചെയ്തു.

എസ്.എസ്.എ. ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ. പി. രാജൻ, കാസർകോട് ഡി.ഇ.ഒ. എൻ. കെ. മോഹൻദാസ് എന്നിവർ സംസാരിച്ചു. വി. രാമചന്ദ്രൻ സ്വാഗതവും വി.ജെ. മത്തായി നന്ദിയും പറഞ്ഞു.




കാസർകോട് പുലിക്കുന്നിൽ ആരംഭിച്ച ഐ.ടി. ജില്ലാ ഓഫീസ് കളക്ടർ ആനന്ദ് സിങ് ഉദ്ഘാടനംചെയ്യുന്നു

Mathrubhomi daily-06-0809



ഐ.ടി അറ്റ് സ്കൂളിൻെറ ആഭിമുഖ്യത്തിൽ എയ്ഡഡ് സ്കൂളുകൾക്കുള്ള കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വിതരണം ചെമ്മനാട് ജമാഅത്ത് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ സാലിമ്മ ജോസഫിന് ലാപ്ടോപ് നൽകി ജില്ലാ കലക്ടർ ആനന്ദ് സിംഗ് ഉദ്ഘാടനം ചെയ്യുന്നു

# ഐ.ടി അറ്റ് സ്കൂൾ ജില്ലാ ഓഫീസ് ഉദ്ഘാടനം ചെയ്തു

കാസർകോട്: ഐ.ടി അറ്റ് സ്കൂൾ പ്രോജക്ടിന് പുതുതായി പുലിക്കുന്നിൽ സജ്ജീകരിച്ച ജില്ലാ ഓഫീസ് സമുച്ചയത്തിൻെറ ഉദ്ഘാടനവും സ്കൂളുകൾക്കുള്ള കമ്പ്യൂട്ടർ വിതരണോദ്ഘാടനവും ജില്ലാ കലക്ടർ ആനന്ദ് സിംഗ് നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ വി. നാരായണൻ റിസോഴ്സ് സെൻറർ ഓഫീസ് ഉദ്ഘാടനം ചെയ്തു.

എജുസാറ്റ് പരിശീലന കേന്ദ്രത്തിൻെറ ഉദ്ഘാടനം നഗരസഭാ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ അബ്ദുൽഖാദർ ബങ്കരയും ജില്ലാ റിസോഴ്സ് സെൻററിൻെറ ഉദ്ഘാടനം കാസർകോട് ഡയറ്റ് പ്രിൻസിപ്പൽ ജോർജ് ജോസഫും നിർവഹിച്ചു.

നഗരസഭാ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം അധ്യക്ഷത വഹിച്ചു.

എസ്.എസ്.എ പ്രോഗ്രാം ഓഫീസർ ഡോ. രാജൻ, ഡി.ഇ.ഒ മോഹൻദാസ് എന്നിവർ സംസാരിച്ചു.

ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ വി. രാമചന്ദ്രൻ സ്വാഗതവും ജില്ലാ കോ-ഓർഡിനേറ്റർ വി.ജെ. മത്തായി നന്ദിയും പറഞ്ഞു.

Madyamam Daily-06-08-09

Indian Express



District Collector Anand Singh distributing laptops to the representatives of aided schools as part of the IT @ school project in Kasargod on Wednesday.

# Laptops distributed

**Express News Service**
**Kasargod, August 5**

DISTRICT Collector Anand Singh inaugurated the distribution of laptops to schools as part of the IT @ school project here on Wednesday.

He also inaugurated the EDUSAT training centre at a building donated by the municipality. The Collector also inaugurated the distribution of computer and other equipment to aided schools and aided higher secondary schools.

District panchayat president M V Balakrishnan presided over the function. V Ramachandran, deputy director of education, K Anvar Sadat, executive director IT @ school project and municipal chairperson Beefathima Ibrahim offered felicitations.

# 93ശതമാനം സ്കൂളിലും ബ്രോഡ്ബാന്റ്




ഐടി അറ്റ് സ്കൂൾ പദ്ധതിയിൽ സ്കൂളുകൾക്കുള്ള കംപ്യൂട്ടർ കലക്ടർ ആനന്ദ്സിങ് നൽകുന്നു

കാസർകോട്: ഐടി അറ്റ് സ്കൂൾ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 93 ശതമാനം സ്കൂളുകളിലും ബ്രോഡ്ബാന്റ് കണക്ഷൻ നൽകി. 98 ശതമാനം സ്കൂളുകളും ഇ-മെയിൽ സംവിധാനം സ്ഥിരമായി ഉപയോഗിക്കുന്നുണ്ട്.

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മൾട്ടിമീഡിയ ക്ലാസ്റൂമുകൾ 26 ശതമാനം വിദ്യാലയങ്ങളിലും നിലവിൽ വന്നു. 33 ശതമാനം സ്കൂൾ ലൈബ്രറികളിലും സിഡി സംവിധാനവും നിലവിൽവന്നു. മിക്ക സ്കൂളുകളിലും പ്രൊജക്ടറും ടിവിയും സ്ഥാപിച്ചു. ജില്ലയിൽ ഏതാണ്ട് 60 ശതമാനം ലാപ്ടോപ്പും കംപ്യൂട്ടറുംഉണ്ടെങ്കിലും മിക്ക സ്കൂളുകളിലും പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നില്ല. അഞ്ച് വർഷം നീളുന്ന ഇൻഫർമേഷൻ കമ്യൂണിക്കേഷൻ ടെക്നോളജി പദ്ധതിയിൽപ്പെടുത്തി ജില്ലയിലെ മുഴുവൻ സർക്കാർ വിദ്യാലയങ്ങൾക്കും 65 ലക്ഷത്തിന്റെ ഉപകരണങ്ങൾ വിതരണം ചെയ്തു. എയ്ഡഡ് മേഖലയിൽ 48 ലക്ഷത്തിന്റെ ഉപകരണവും നൽകും.

ഹൈസ്കൂൾ മേഖലയിലെ 80 ശതമാനം അധ്യാപകർക്ക് സ്വതന്ത്ര സോഫ്റ്റ്വെയറിൽ പരിശീലനം നൽകും. യുപി തലത്തിലെ 80 ശതമാനം പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഹയർസെക്കൻഡറി മേഖലയിൽ പരിശീലനം തുടരുകയാണ്.

ഐടി അറ്റ് സ്കൂൾ പദ്ധതിക്ക് പുതുതായി പുലിക്കുന്നിൽ സജ്ജീകരിച്ച ഓഫീസ് സമുച്ചയം കലക്ടർ ആനന്ദ്സിങ് ഉദ്ഘാടനം ചെയ്തു. സ്കൂളുകൾക്കുള്ള കംപ്യൂട്ടറും ചടങ്ങിൽ നൽകി. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ്കമ്മിറ്റി ചെയർമാൻ വി നാരായണൻ റിസോഴ്സ് സെന്റർ ഉദ്ഘാടനം ചെയ്തു. എഡ്യുസാറ്റ് പരിശീലനകേന്ദ്രം അബ്ദുൽഖാദർ ബങ്കരയും ജില്ലാ റിസോഴ്സ് സെന്റർ ജോർജ് ജോസഫും ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം, ഡോ. രാജൻ, എൻ കെ മോഹൻദാസ് എന്നിവർ സംസാരിച്ചു. വി രാമചന്ദ്രൻ സ്വാഗതവും വി ജെ മത്തായി നന്ദിയും പറഞ്ഞു.

ജില്ലയിൽ അഞ്ച് വർഷം കൊണ്ട് എല്ലാ ക്ലാസ്മുറികളും ഹൈടെക് ആകുമെന്ന് എഡ്യുസാറ്റ് വഴി തിരുവനന്തപുരം സ്റ്റുഡിയോയിലിരുന്ന് സംസാരിച്ച ഐടി സ്കൂൾ ഡയറക്ടർ അൻവർ സാദത്ത് അറിയിച്ചു.

# ഐടി അറ്റ് സ്കൂൾ ഓഫിസ് തുറന്നു



ഐടി അറ്റ് സ്കൂൾ പ്രോജക്ട് ഓഫിസ് ഉദ്ഘാടനവും സ്കൂളുകൾക്കുള്ള കംപ്യൂട്ടർ വിതരണവും കാസർകോട്ട് ജില്ലാ കലക്ടർ ആനന്ദ് സിങ് നിർവഹിക്കുന്നു. നഗരസഭാധ്യക്ഷ ബീഫാത്തിമ ഇബ്രാഹിം, ഡിഡിഇ വി. രാമചന്ദ്രൻ, വി. നാരായണൻ, ഖാദർ ബങ്കര എന്നിവർ സമീപം

കാസർകോട്: പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐടി അറ്റ് സ്കൂൾ പ്രോജക്ടിന് പുലിക്കുന്നിൽ നിർമിച്ച ജില്ലാ ഓഫിസ് സമുച്ചയത്തിന്റെയും സ്കൂളുകൾക്കുള്ള കംപ്യൂട്ടർ വിതരണത്തിന്റെയും ഉദ്ഘാടനം ജില്ലാ കലക്ടർ ആനന്ദ് സിങ് നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി.നാരായണൻ റിസോഴ്സ് സെന്റർ ഓഫിസ് ഉദ്ഘാടനം ചെയ്തു.

എജ്യുസാറ്റ് പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അബ്ദുൽ ഖാദർ ബങ്കരയും ജില്ലാ റിസോഴ്സ് സെന്ററിന്റെ ഉദ്ഘാടനം ഡയറ്റ് പ്രിൻസിപ്പൽ ജോർജ് ജോസഫും നിർവഹിച്ചു. നഗരസഭാധ്യക്ഷ ബീഫാത്തിമ ഇബ്രാഹിം അധ്യക്ഷത വഹിച്ചു. എസ്എസ്എ പ്രോഗ്രാം ഓഫിസർ ഡോ. പി.രാജൻ, ഡിഇഒ എൻ.കെ.മോഹൻദാസ്, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ വി. രാമചന്ദ്രൻ, ജില്ലാ കോ-ഓർഡിനേറ്റർ വി.ജെ.മത്തായി എന്നിവർ പ്രസംഗിച്ചു.

ഐസിടി പദ്ധതിയിലുൾപ്പെടുത്തി ഒരു കോടിയിൽപ്പരം രൂപയുടെ ഉപകരണങ്ങളാണ് സർക്കാർ, എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾക്കായി ഈ വർഷം നൽകുന്നത്.

അഞ്ചു വർഷംകൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതിയോടെ ജില്ലയിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് സൗകര്യങ്ങളുള്ളതായി തീരുമെന്ന് എജ്യുസാറ്റ് വഴി തിരുവനന്തപുരം സ്റ്റുഡിയോയിലിരുന്നു യോഗത്തെ അഭിസംബോധന ചെയ്ത് ഐടി അറ്റ് സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അൻവർ സാദത്ത് അറിയിച്ചു.




ഐടി അറ്റ് സ്കൂൾ പദ്ധതിയിൽ സ്കൂളുകൾക്കുള്ള കംപ്യൂട്ടർ കലക്ടർ ആനന്ദ്സിങ് നൽകുന്നു

# 93ശതമാനം സ്കൂളിലും ബ്രോഡ്ബാന്റ്

കാസർകോട്: ഐടി അറ്റ് സ്കൂൾ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 93 ശതമാനം സ്കൂളുകളിലും ബ്രോഡ്ബാന്റ് കണക്ഷൻ നൽകി. 98 ശതമാനം സ്കൂളുകളും ഇ-മെയിൽ സംവിധാനം സ്ഥിരമായി ഉപയോഗിക്കുന്നുണ്ട്.

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മൾട്ടിമീഡിയ ക്ലാസ്റൂമുകൾ 26 ശതമാനം വിദ്യാലയങ്ങളിലും നിലവിൽ വന്നു. 33 ശതമാനം സ്കൂൾ ലൈബ്രറികളിലും സിഡി സംവിധാനവും നിലവിൽവന്നു. മിക്ക സ്കൂളുകളിലും പ്രൊജക്ടറും ടിവിയും സ്ഥാപിച്ചു. ജില്ലയിൽ ഏതാണ്ട് 60 ശതമാനം ലാപ്ടോപ്പും കംപ്യൂട്ടറുംഉണ്ടെങ്കിലും മിക്ക സ്കൂളുകളിലും പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നില്ല. അഞ്ച് വർഷം നീളുന്ന ഇൻഫർമേഷൻ കമ്യൂണിക്കേഷൻ ടെക്നോളജി പദ്ധതിയിൽപ്പെടുത്തി ജില്ലയിലെ മുഴുവൻ സർക്കാർ വിദ്യാലയങ്ങൾക്കും 65 ലക്ഷത്തിന്റെ ഉപകരണങ്ങൾ വിതരണം ചെയ്തു. എയ്ഡഡ് മേഖലയിൽ 48 ലക്ഷത്തിന്റെ ഉപകരണവും നൽകും.

ഹൈസ്കൂൾ മേഖലയിലെ 80 ശതമാനം അധ്യാപകർക്ക് സ്വതന്ത്ര സോഫ്റ്റ്വെയറിൽ പരിശീലനം നൽകും. യുപി തലത്തിലെ 80 ശതമാനം പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഹയർസെക്കൻഡറി മേഖലയിൽ പരിശീലനം തുടരുകയാണ്.

ഐടി അറ്റ് സ്കൂൾ പദ്ധതിക്ക് പുതുതായി പുലിക്കുന്നിൽ സജ്ജീകരിച്ച ഓഫീസ് സമുച്ചയം കലക്ടർ ആനന്ദ്സിങ് ഉദ്ഘാടനം ചെയ്തു. സ്കൂളുകൾക്കുള്ള കംപ്യൂട്ടറും ചടങ്ങിൽ നൽകി. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ്കമ്മിറ്റി ചെയർമാൻ വി നാരായണൻ റിസോഴ്സ് സെന്റർ ഉദ്ഘാടനം ചെയ്തു. എഡ്യൂസാറ്റ് പരിശീലനകേന്ദ്രം അബ്ദുൽഖാദർ ബങ്കരയും ജില്ലാ റിസോഴ്സ് സെന്റർ ജോർജ് ജോസഫും ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൺ ഫരീഹാത്തിമ ഇബ്രാഹിം, ഡോ. രാജൻ, എൻ കെ മോഹൻദാസ് എന്നിവർ സംസാരിച്ചു. വി രാമചന്ദ്രൻ സ്വാഗതവും വി ജെ മത്തായി നന്ദിയും പറഞ്ഞു.

ജില്ലയിൽ അഞ്ച് വർഷം കൊണ്ട് എല്ലാ ക്ലാസ്മുറികളും ഹൈടെക് ആകുമെന്ന് എഡ്യൂസാറ്റ് വഴി തിരുവനന്തപുരം സ്റ്റുഡിയോയിലിരുന്ന് സംസാരിച്ച ഐടി സ്കൂൾ ഡയറക്ടർ അൻവർ സാദത്ത് അറിയിച്ചു.

Desabhimani Daily-06-08-09





ഐടി അറ്റ് സ്കൂൾ പ്രോജക്ട് ഓഫിസ് ഉദ്ഘാടനവും സ്കൂളുകൾക്കുള്ള കംപ്യൂട്ടർ വിതരണവും കാസർകോട് ജില്ലാ കലക്ടർ ആനന്ദ് സിങ് നിർവഹിക്കുന്നു. നഗരസഭാധ്യക്ഷ ഫരീഹാത്തിമ ഇബ്രാഹിം, ഡിഡിഇ വി. രാമചന്ദ്രൻ, വി. നാരായണൻ, ഖാദർ ബങ്കര എന്നിവർ സമീപം

# ഐടി അറ്റ് സ്കൂൾ ഓഫിസ് തുറന്നു

കാസർകോട്: പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐടി അറ്റ് സ്കൂൾ പ്രോജക്ടിന് പുലിക്കുന്നിൽ നിർമിച്ച ജില്ലാ ഓഫിസ് സമുച്ചയത്തിന്റെയും സ്കൂളുകൾക്കുള്ള കംപ്യൂട്ടർ വിതരണത്തിന്റെയും ഉദ്ഘാടനം ജില്ലാ കലക്ടർ ആനന്ദ് സിങ് നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി.നാരായണൻ റിസോഴ്സ് സെന്റർ ഓഫിസ് ഉദ്ഘാടനം ചെയ്തു.

എജ്യൂസാറ്റ് പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അബ്ദുൽ ഖാദർ ബങ്കരയും ജില്ലാ റിസോഴ്സ് സെന്ററിന്റെ ഉദ്ഘാടനം ഡയറ്റ് പ്രിൻസിപ്പൽ ജോർജ് ജോസഫും നിർവഹിച്ചു. നഗരസഭാധ്യക്ഷ ഫരീഹാത്തിമ ഇബ്രാഹിം അധ്യക്ഷത വഹിച്ചു. എസ്എസ്എ പ്രോഗ്രാം ഓഫിസർ ഡോ. പി.രാജൻ, ഡിഇഒ എൻ.കെ.മോഹൻദാസ്, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ വി. രാമചന്ദ്രൻ, ജില്ലാ കോ-ഓർഡിനേറ്റർ വി.ജെ.മത്തായി എന്നിവർ പ്രസംഗിച്ചു.

ഐസിടി പദ്ധതിയിലുൾപ്പെടുത്തി ഒരു കോടിയിൽപ്പരം രൂപയുടെ ഉപകരണങ്ങളാണ് സർക്കാർ, എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾക്കായി ഈ വർഷം നൽകുന്നത്.

അഞ്ചു വർഷംകൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതിയോടെ ജില്ലയിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് സൗകര്യങ്ങളുള്ളതായിത്തീരുമെന്ന് എജ്യൂസാറ്റ് വഴി തിരുവനന്തപുരം സ്റ്റുഡിയോയിലിരുന്നു യോഗത്തെ അഭിസംബോധന ചെയ്ത് ഐടി അറ്റ് സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അൻവർ സാദത്ത് അറിയിച്ചു.

Malayala Manorama Daily 06-08-09

# ഇൻറർനെറ്റ് ഉപയോഗിച്ച് സ്കൂളുകളിൽ പ്രാദേശിക ഭൂപടം തയ്യാറാക്കണം -കളക്ടർ

കാസർകോട്: സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുള്ള ഇൻറർനെറ്റ് കണക്ഷൻ ഉപയോഗിച്ച് പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കാൻ ശ്രമിക്കണമെന്ന് ജില്ലാ കളക്ടർ ആനന്ദ്സിങ് പറഞ്ഞു. കാസർകോട് പുലിക്കുന്നിൽ ഐ.ടി. ജില്ലാ ഓഫീസ് സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാർഥികൾക്ക് ഏറെ വിവരങ്ങൾ നൽകുന്ന വിക്ടേഴ്സ് ചാനലിൽ പ്രാദേശികമായ വിവരങ്ങൾ നൽകാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

നഗരസഭാ ചെയർ പേഴ്സൺ ബീഫാത്തിമ ഇബ്രാഹിം അധ്യക്ഷയായി.

ഓഫീസ്സംവിധാനം ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി. നാരായണൻ ഉദ്ഘാടനംചെയ്തു. എഡ്യു സാറ്റ് പരിശീലനകേന്ദ്രം നഗരസഭാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഖാദർ ബങ്കരയും ജില്ലാ റിസോഴ്സ് സെൻറർ ഡയറ്റ് പ്രിൻസിപ്പൽ ജോർജ് ജോസഫും ഉദ്ഘാടനംചെയ്തു.

എസ്.എസ്.എ. ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ. പി.രാജൻ, കാസർകോട് ഡി.ഇ.ഒ. എൻ. കെ.മോഹൻദാസ് എന്നിവർ സംസാരിച്ചു. വി.രാമചന്ദ്രൻ സ്വാഗതവും വി.ജെ.മത്തായി നന്ദിയും പറഞ്ഞു.




**കാസർകോട് പുലിക്കുന്നിൽ ആരംഭിച്ച ഐ.ടി. ജില്ലാ ഓഫീസ് കളക്ടർ ആനന്ദ് സിങ് ഉദ്ഘാടനംചെയ്യുന്നു**

Mathrubhomi daily-06-080




ഐ. ടി അറ്റ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ എയ്ഡഡ് സ്കൂളുകൾക്കുള്ള കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വിതരണം ചെമ്മനാട് ജമാഅത്ത് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ സാലിമ്മ ജോസഫിന് ലാപ്ടോപ് നൽകി ജില്ലാ കലക്ടർ ആനന്ദ് സിംഗ് ഉദ്ഘാടനം ചെയ്യുന്നു

# ഐ.ടി അറ്റ് സ്കൂൾ ജില്ലാ ഓഫീസ് ഉദ്ഘാടനം ചെയ്തു

കാസർകോട്: ഐ.ടി അറ്റ് സ്കൂൾ പ്രോജക്ടിന് പുതുതായി പുലിക്കുന്നിൽ സജ്ജീകരിച്ച ജില്ലാ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനവും സ്കൂളുകൾക്കുള്ള കമ്പ്യൂട്ടർ വിതരണോദ്ഘാടനവും ജില്ലാ കലക്ടർ ആനന്ദ് സിംഗ് നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ വി. നാരായണൻ റിസോഴ്സ് സെൻറർ ഓഫീസ് ഉദ്ഘാടനം ചെയ്തു.

എജുസാറ്റ് പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം നഗരസഭാ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ അബ്ദുൽഖാദർ ബങ്കരയും ജില്ലാ റിസോഴ്സ് സെൻററിന്റെ ഉദ്ഘാടനം കാസർകോട് ഡയറ്റ് പ്രിൻസിപ്പൽ ജോർജ് ജോസഫും നിർവഹിച്ചു.

നഗരസഭാ ചെയർപേഴ്സൻ ബീഫാത്തിമ ഇബ്രാഹിം അധ്യക്ഷത വഹിച്ചു.

എസ്.എസ്.എ പ്രോഗ്രാം ഓഫീസർ ഡോ. രാജൻ, ഡി.ഇ.ഒ മോഹൻദാസ് എന്നിവർ സംസാരിച്ചു.

ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ വി. രാമചന്ദ്രൻ സ്വാഗതവും ജില്ലാ കോ-ഓർഡിനേറ്റർ വി.ജെ.മത്തായി നന്ദിയും പറഞ്ഞു.

Madyamam Daily-06-08-09




District Collector Anand Singh distributing laptops to the representatives of aided schools as part of the IT @ school project in Kasargod on Wednesday.

# Laptops distributed

**Express News Service**
**Kasargod, August 5**

DISTRICT Collector Anand Singh inaugurated the distribution of laptops to schools as part of the IT @ school project here on Wednesday.

He also inaugurated the EDUSAT training centre at a building donated by the municipality. The Collector also inaugurated the distribution of computer and other equipment to aided schools and aided higher secondary schools.

District panchayat president M V Balakrishnan presided over the function. V Ramachandran, deputy director of education, K Anvar Sadat, executive director IT @ school project and municipal chairperson Beefathima Ibrahim offered felicitations.